(ബി) ഗ്രാമവികസന വകുപ്പിൽ വിവിധ വിഷയങ്ങളെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാളിതുവരെ എത്ര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ; ഈ കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റികളുടെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട എത്ര ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കൽ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. പി. റ്റി. മാത്യു (പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ) അദ്ധ്യക്ഷനായി സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണത്തിനായി ശിപാർശ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഡോ. രാജൻ ഖൊബ്രഗഡേ കൺവീനറായി 13-3-2014-ലെ സ.ഉ.(സാധാ) നമ്പർ 756/2014/തസ്വഭവ പ്രകാരം കമ്മിറ്റി രൂപീകരിച്ചു. പി. റ്റി. മാത്യു കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. പി. റ്റി. മാത്യു കമ്മിറ്റിയുടെ ശിപാർശകൾ 17-11-2011-ലെ സ.ഉ.(സാധാ) നമ്പർ 2701/2011/ തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു.

ഈ വിഷയത്തിൽ കൂടുതൽ വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

21 (3304) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ഗ്രേഡ് 1 ഗ്രേഡ് 11 ജീവനക്കാരുടെ 2014 വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ഇതുമൂലം ജീവനക്കാർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നഷ്ടപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കാമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 31-3-2010 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റും 31-3-2014 വരെയുള്ള കരട് സീനിയോറിറ്റി ലിസ്റ്റും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ

22 (3305) ശ്രീ. വി. ശിവൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരിൽ നിന്ന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി ഏറ്റവും ഒടുവിലായി സ്ഥാനക്കയറ്റം ലഭിച്ചത് ആർക്കാണെന്നും, ടിയാളുടെ സംയോജിത സീനിയോറിറ്റി റാങ്ക് നമ്പർ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഗ്രാമവികസന വകുപ്പിൽ ഇപ്പോൾ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും, അവ എന്തു കൊണ്ടാണ് നികത്താത്തതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രീ. രഘുനാഥൻ കെ.പി., സംയോജിത സീനിയോറിറ്റി റാങ്ക് നമ്പർ 458.

(ബി) ഒരൊഴിവ്. കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്. പ്രസ്തുത എൻ.ജെ.ഡി. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

23 (3306) ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി. എസ്. വൈ. പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിൽ 2011-12, 2012-13, 2013-14 കാലയളവിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;